നമ്പർ.സി5/83954/2011/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.23/07/2012.
(ഫോൺ : 0471-2580514)

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - എൽ.ഡി./യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റം - സർവ്വീസ് കാർഡ് - ആവശ്യപ്പെടുന്നത് -

സൂചന : 1. എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 1993-2000
2. എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 2001-2005

സൂചനകൾ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള എൽ.ഡി.ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും, വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടുള്ളവരും നാളിതുവരെ യു.ഡി.ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിക്കാത്തവരും, ഇപ്പോഴും സർവ്വീസിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരികയും ചെയ്യുന്ന സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച *1993-2000-ലെ* എൽ.ഡി.ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റിപ്പട്ടികയിൽ ഉൾപ്പെട്ടിരുന്ന വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള എല്ലാവരെയും ഇതിനോടകം യു.ഡി.ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ യഥാസമയം പരീക്ഷായോഗ്യത നേടിയ വിവരം ഈ ഓഫീസിൽ അറിയിക്കാത്തവരെയും സീനിയോറിറ്റിപ്പട്ടികയിൽ പിന്നീട് പേരു ചേർക്കുകയും ചെയ്തിട്ടുള്ളവരുമായ ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകാൻ സാധിച്ചിട്ടില്ല. ***ഇപ്രകാരം പരീക്ഷാ യോഗ്യത നേടിയിട്ടുള്ളവരും, എന്നാൽ യോഗ്യതാപരീക്ഷ വിജയിക്കുന്നതിൽ ഇളവു ലഭിച്ചിട്ടുള്ളവരും ഇതിനോടകം 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരുമായ എൽ.ഡി.ക്ലാർക്കുമാരിൽ യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ലാത്തവരും 1999-2000 വരെ നിയമനം ലഭിക്കുകയും എൽ.ഡി.ക്ലാർക്ക് സീനിയോറിപ്പട്ടികയിൽ റാങ്ക് നിർണ്ണയിച്ചിട്ടുള്ളവരുമായ എല്ലാ എൽ.ഡി.ക്ലാർക്കുമാരുടെയും, 2001-2005 വർഷത്തെ എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റിപ്പട്ടികയിൽപ്പെട്ടവരും ഇതേവരെ യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കാത്തവരുമായ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള റാങ്ക് നമ്പർ 400 വരെയുള്ള എൽ.ഡി.ക്ലാർക്കുമാരുടെ സേവനപുസ്തകം പരിശോധിച്ച് മേലധികാരി സാക്ഷ്യപ്പെടുത്തിയ സർവ്വീസ് കാർഡ് ഇതോടൊന്നിച്ചുള്ള മാതൃകാ ഫോർമാറ്റിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ടോ തപാൽ മുഖേനയോ 31/08/2012-നു മുൻപ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.***

സർവ്വീസ് ബുക്ക് കൃത്യമായി പരിശോധിച്ച് സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം മാത്രമേ സർവ്വീസ് കാർഡ് അയച്ചു തരാൻ പാടുള്ളൂ. ***അപൂർണ്ണവും മേലധികാരി സാക്ഷ്യപ്പെടുത്താതെ ലഭിക്കുന്നതുമായ സർവ്വീസ് കാർഡുകൾ പരിഗണിക്കുന്നതല്ല. സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സർവ്വീസ് കാർഡുകൾ സമർപ്പിക്കാത്ത ജീവനക്കാരെ (എൽ.ഡി.ക്ലാർക്ക്) യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റത്തിനു പരിഗണിക്കുന്നതല്ല.*** സർവ്വീസ് കാർഡിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞാൽ ബന്ധപ്പെട്ട ഓഫീസർ/ജീവനക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

ടെക്സ്റ്റ്ബുക്ക് ഓഫീസ്, പരീക്ഷാ ഭവൻ ഉൾപ്പെടെ എല്ലാ സബ് ഓഫീസുകൾക്കും

# സർവ്വീസ് കാർഡ് (എൽ.ഡി.ക്ലാർക്ക്)

1. പേര്, വിലാസം, ഫോൺ നമ്പർ, സ്വന്തം ജില്ല :

2. ജനനതീയതി :

3. സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി :

4. എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച തീയതി :

5. എൽ.ഡി. ക്ലാർക്കായി ആദ്യനിയമനം ലഭിച്ച ജില്ല :

6. ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ്, ജില്ല, ഫോൺ നമ്പർ :

7. എൽ.ഡി.ക്ലാർക്ക് സീനിയോരിറ്റി റാങ്ക് നമ്പരും വർഷവും :

8. എം.ഒ.പി. പാസ്സായ മാസം/വർഷം :

9. പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പരും തീയതിയും :

10. വകുപ്പുതല പരീക്ഷകൾ പാസ്സായ മാസവും/വർഷവും :

11. ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ :

12. മറ്റു വിവരങ്ങൾ (അന്തർജില്ലാ സ്ഥലംമാറ്റം, ഡെപ്യൂട്ടേഷൻ, വിദേശവാസം സംബന്ധിച്ച വിവരങ്ങൾ) :

13. ശമ്പളരഹിത അവധി സംബന്ധിച്ച വിവരങ്ങൾ :
(സർക്കാർ ഉത്തരവിന്റെ പകർപ്പുകൂടി സമർപ്പിക്കണം)

14. പരീക്ഷായോഗ്യത നേടുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ വിവരം :

15. അമ്പത് വയസ്സ് പൂർത്തിയായ തീയതി :
(50 വയസ്സ് പൂർത്തിയായവർക്ക് മാത്രം ബാധകമായത്)

## പ്രസ്താവന

ശ്രീ./ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . -ന്റെ സർവ്വീസ് സംബന്ധമായി മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ടിയാന്റെ സർവ്വീസ് ബുക്ക് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ഓഫീസ് മേധാവി

സ്ഥലം :
തീയതി :